LIBRARY ARCHIVES Kerala Legislative Assembly

കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമം

2(691) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമം സംസ്ഥാനത്ത് നടപ്പാക്കുമ്പോൾ പ്രസ്തുത നിയമത്തിൽ അനുശാസിക്കുന്ന പ്രകാരം ദേശീയ പാഠ്യപദ്ധതിക്ക് അനുസൃതമായി സംസ്ഥാനത്ത് പാഠ്യപദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ; ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ ;

(ബി) സൗജന്യ വിദ്യാഭ്യാസം മാതൃഭാഷയിൽ നൽകാനാണോ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) നിലവിൽ ഇംഗ്ലീഷ് മീഡിയത്തിൽ പഠിക്കുന്ന കുട്ടികൾക്ക് തുടർ വിദ്യാഭ്യാസം ഏത് മീഡിയത്തിലാണ് നൽകാൻ ഉദ്ദേശിക്കുന്നത് ;

(ഡി) സൗജന്യ വിദ്യാഭ്യാസം നൽകുന്നതിനായി സംസ്ഥാനത്തെ അദ്ധ്യാപകരുടെ യോഗ്യത പുനർനിശ്ചയിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ഇ) ഇതിലേക്ക് അദ്ധ്യാപക പരിശീലനത്തിനായി എന്തെങ്കിലും കോഴ്സുകളോ, പരീക്ഷകളോ നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ വിശദമാക്കുമോ ?

ഉത്തരം

(എ-ഇ)) കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നത് സംബന്ധിച്ച് വിശദമായി പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ നിയോഗിച്ച ലിഡാ ജേക്കബ് കമ്മീഷന്റെ റിപ്പോർട്ട് സർക്കാർ പരിശോധിച്ചു വരുന്നു. ഇക്കാര്യത്തിൽ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമം നടപ്പാക്കുന്നതിന്റെ ഭാഗമായി ഉദ്ദേശിക്കുന്ന ഭേദഗതികൾ

3(692) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി നിലവിലുള്ള വിദ്യാഭ്യാസ നിയമത്തിനും പഞ്ചായത്ത് നഗരപാലിക നിയമത്തിനും എന്തെല്ലാം ഭേദഗതികളാണ് കൊണ്ടുവരാൻ ഉദ്ദേശിക്കുന്നത് ;

(ബി) സൗജന്യ വിദ്യാഭ്യാസത്തിന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് എന്തെല്ലാം അധികാരങ്ങളും അവകാശങ്ങളും ഉണ്ടെന്ന് വിശദമാക്കുമോ ;